ഉത്തരം

(എ) കുഴൽമന്ദം മണ്ഡലത്തിന്റെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനായി കേരള ജല അതോറിറ്റി കേന്ദ്രാവിഷ്കൃതപദ്ധതികളും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലേക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളും ജനകീയാസൂത്രണം/ കേരള വികസന പദ്ധതി എന്നിവയിലും ഉൾപ്പെടുത്തി പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ പണം നിക്ഷേപിച്ചു നടത്തുന്ന പ്രവൃത്തികളും ഏറ്റെടുത്തു നടത്തിവരുന്നു. കൂടാതെ കേരള വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസി ഈ മണ്ഡലത്തിലെ എരിമയൂർ ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി ആന്റ് സി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി) 1. കോട്ടായി മാത്തൂർ കുടിവെള്ള പദ്ധതി

2. പെരിങ്ങോട്ടുകുറിശ്ശി കുടിവെള്ള പദ്ധതി

3. കുത്തന്നൂർ കുടിവെള്ള പദ്ധതി

4. കുഴൽമന്ദം-കണ്ണാടി-തേൻകുറിശ്ശി കുടിവെള്ള പദ്ധതി

(ഇ) കുഴൽമന്ദം മണ്ഡലത്തിൽ നിലവിൽ പൂർത്തീകരിക്കാനുള്ള വൻകിട-ഇടത്തരം-ചെറുകിട ജലസേചന പദ്ധതികൾ ഒന്നുംതന്നെ ഇല്ല.

തലസ്ഥാനത്തെ പമ്പ് ഹൗസുകളുടെ പ്രവർത്തനവും സീവറേജ് സൗകര്യവും

77 [234] ശ്രീ. കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരത്തിലെ പട്ടം-പ്ലാമൂട്, മുറിഞ്ഞപാലം പമ്പ് ഹൗസുകൾ എന്ന് പ്രവർത്തനക്ഷമമാകുമെന്ന് അറിയിക്കാമോ;

(ബി) ഇവയുടെ പ്രവർത്തനപരിധിയിൽ ഏതെല്ലാം പ്രദേശങ്ങൾ ഉൾപ്പെടുമെന്നറിയിക്കാമോ;

(സി) തലസ്ഥാനത്ത് എത്ര വീടുകൾക്ക് സീവറേജ് കണക്ഷനുകളുണ്ട്;

(ഡി) കണക്ഷൻ നൽകാനായി എത്ര അപേക്ഷകൾ നിലവിലുണ്ട്;

(ഇ) നഗരത്തിലെ കടകമ്പള്ളി, ചെറുവയ്ക്കൽ, ഉള്ളൂർ വില്ലേജുകളിൽ സീവറേജ് സൗകര്യം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(എഫ്) വട്ടിയൂർക്കാവ്, കുടപ്പനക്കുന്ന് പഞ്ചായത്തുകളിൽ സീവറേജ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) തലസ്ഥാന നഗരത്തിലെ ജനസാന്ദ്രത കൂടിയ കടകംപള്ളി, ചെറുവയ്ക്കൽ, ഉള്ളൂർ, കുടപ്പനക്കുന്ന്, വട്ടിയൂർക്കാവ്, പേരൂർക്കട, തിരുമല വില്ലേജുകളിൽ സീവറേജ് സൗകര്യം ലഭ്യമാക്കാൻ നടപടികൾ വേണമെന്ന നിവേദനത്തിൻമേൽ നടപടികൾ സ്വീകരിക്കുമോ;

(എച്ച്) തലസ്ഥാന വികസന പദ്ധതിയിൽ സീവറേജ് സൗകര്യം ഉൾപ്പെടുത്താൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഈ പമ്പ് ഹൗസുകളുടെ പണികൾ പൂർത്തീകരിച്ച് ട്രയൽ റണ്ണിംഗ് നടന്നു വരുന്നു. ഈ മാസം അവസാനത്തോടുകൂടി കമ്മീഷൻ ചെയ്യാൻ സാധിക്കും.

(ബി) പട്ടം-പ്ലാമൂട്, മുറിഞ്ഞപാലം പമ്പ് ഹൗസുകളുടെ പ്രവർത്തനപരിധിയിൽ ഡി ബ്ലോക്കിലെ ഒന്നും രണ്ടും മേഖലകളാണ് ഉൾപ്പെട്ടിരിക്കുന്നത്. പട്ടം-പ്ലാമൂട് പമ്പ് ഹൗസിന്റെ പ്രവർത്തന പരിധിയിൽ ഒന്നാം മേഖലയായ പട്ടം, കേശവദാസപുരം, പുത്തിപ്പാറ, മുട്ടട, അമ്പലമുക്ക്, കവടിയാർ, കുറവൻകോണം, നന്തൻകോട് ഭാഗങ്ങളും പണ്ഡിറ്റ് കോളനി, ആദർശ് നഗർ, തേക്കുംമൂട് എന്നീ ഭാഗങ്ങളും ഉൾപ്പെടുന്നു. മുറിഞ്ഞപാലം പമ്പ് ഹൗസിന്റെ പരിധിയിൽ ഉള്ളൂർ (ഭാഗികം), കേശവദാസപുരം, പട്ടം, മെഡിക്കൽ കോളേജ്, ചാലക്കുഴി എന്നീ സ്ഥലങ്ങളും ഉൾപ്പെടുന്നു.

(സി) 65756 കണക്ഷനുകൾ ഉണ്ട്.

(ഡി) 322 എണ്ണം.

(ഇ) പ്രസ്തുത സ്ഥലങ്ങളിൽ സീവറേജ് സംവിധാനം നടപ്പിലാക്കാൻ പ്രത്യേക പഠനവും സർവ്വേയും നടത്തേണ്ടതുണ്ട്.

(എഫ്) തിരുവനന്തപുരം സീവറേജ് സ്കീമിന്റെ 'ഇ' ബ്ലോക്കിൽപ്പെട്ട വട്ടിയൂർക്കാവ് ഏരിയായിലെ സീവറേജ് പദ്ധതിയുടെ പണികൾ സാമ്പത്തിക ലഭ്യത അനുസരിച്ച് ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. കുടപ്പനക്കുന്ന് പഞ്ചായത്തിനെ തിരുവനന്തപുരം സീവറേജ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ജി) കുടപ്പനക്കുന്ന്, ചെറുവയ്ക്കൽ, കടകംപള്ളി, ഉള്ളൂർ പ്രദേശങ്ങൾ തിരുവനന്തപുരം കോർപ്പറേഷനിൽ പുതുതായി ഉൾപ്പെടുത്തിയ പ്രദേശങ്ങളാണ്. നിലവിലുള്ള സീവറേജ് പദ്ധതിയിൽ ഈ പ്രദേശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഈ പ്രദേശങ്ങളിൽ സീവറേജ് സംവിധാനം നടപ്പിലാക്കുന്നതിന് പ്രത്യേക പഠനവും സർവ്വേയും നടത്തേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വട്ടിയൂർക്കാവ്, പേരൂർക്കട, തിരുമല എന്നീ പ്രദേശങ്ങൾ ഭാഗികമായി തിരുവനന്തപുരം സ്വീവറേജ് സ്കീമിൽ ഉൾപ്പെട്ടതാണ്. ഈ പ്രദേശങ്ങളിലെ സ്വീവറേജ് സംവിധാനം സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു.

(എച്ച്) സ്വീവറേജ് സ്കീം തലസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെടുത്താത്ത വിഷയമാണ്. ഇക്കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിവൃത്തിയില്ല.

ഇൻലാന്റ് വാട്ടർ അതോറിറ്റിയുടെ ഓയിൽകാർഗോ ടെർമിനൽ നിർമ്മാണം

78 [235] ശ്രീ. വർക്കല കഹാർ:
" എം. എ. ചന്ദ്രശേഖരൻ:
" ഡൊമിനിക് പ്രസന്റേഷൻ:
" സി. പി. മുഹമ്മദ്:
" എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ പുന്നമടക്കായൽ മേഖലയിൽ എന്തെല്ലാം സംരംഭങ്ങൾ ഇപ്പോൾ നിലവിലുണ്ട്;

(ബി) അവിടെ ഇൻലാന്റ് വാട്ടർ വേ അതോറിറ്റിയുടെ ഓയിൽ കാർഗോ ടെർമിനൽ സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) എങ്കിൽ നാട്ടുകാർ ഒന്നടങ്കം ഇതിനെ എതിർത്തിട്ടുണ്ടോ;

(ഡി) ഈ ടെർമിനൽ പള്ളാത്തുരുത്തിയിലേക്കോ മറ്റേതെങ്കിലും സ്ഥലത്തേക്കോ മാറ്റി സ്ഥാപിക്കുന്ന കാര്യം ഇൻലാന്റ് വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുന്നമടക്കായൽ മേഖലയിൽ ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ ഒരു സ്ഥിരമായ പവലിയന്റെ നിർമ്മാണം, സെൻട്രൽ പി.ഡബ്ല്യു.ഡി. മുഖേന പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

(ബി) ജനറൽ കാർഗോ ടെർമിനൽ സ്ഥാപിക്കുവാൻ കേന്ദ്ര സർക്കാരിന്/ ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇന്ത്യക്ക് ഉദ്ദേശമുണ്ട്. ടെർമിനലിന് ആവശ്യമായ ഭൂമി ഏറ്റെടുത്ത് നഷ്ടപരിഹാരത്തുക എത്രയും വേഗം വിതരണം

LIBRARY ARCHIVES Kerala Legislative Assembly